# എന്താണ് അക്രമരഹിത സിവിൽ പ്രതിരോധ സമരങ്ങൾ ശക്തിസമാർജിക്കുന്നത്

## The Trifecta of Civil Resistance: Unity, Planning, Discipline

**Hardy Merriman**

Opendemocracy.net, November 19, 2010
Translation: March 2018

# TRANSLATOR'S NOTES

openDemocracy
free thinking for the world

# <u>തുറന്ന ജനാധിപത്യം</u>

ലോകത്തിനുവേണ്ടിയുള്ള സ്വതന്ത്രചിന്ത ഓപ്പൺ ഡമോക്രസിയിൽ പ്രസിദ്ധീകരിച്ചത് (http://www.opendemocracy.net) സിവിൽ പ്രതിരോധത്തിന്റെ മൂന്നുഘട്ടങ്ങൾ. ഏകത്വം ആസൂത്രണം അച്ചടക്കം

**ഹാർഡിമറിമാൻ 19 നവംബർ 2010**

ലോകത്തെമ്പാടുമുള്ള അക്രമരഹിതസമരങ്ങളുടെ വിജയവും പരാജയവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ഈ മൂന്നു ഘട്ടങ്ങൾ : ഏകത്വം ആസൂത്രണം : അക്രമരഹിത അച്ചടക്കം എന്നിവയ്ക്കു സഹായിക്കും.

**ലേഖകനെപ്പറ്റി :-**

ICNCൽ 2005 മുതൽ 2007 വരെ പ്രോഗ്രാമിന്റേയും ഗവേഷണത്തിന്റെയും ഡയറക്ടറായി പ്രവർത്തിച്ചു "Waging Non Violent Struggle: 20th Century Practice and 21st Century Potential" എന്ന ഗ്രന്ഥം എഡിറ്റുചെയ്തു. ജനേഷാർപ്പിനോടൊപ്പം (Gene Sharp) ചേർന്ന് A Guide to effective Nonviolent Struggle എന്ന ഗ്രന്ഥം രചിക്കുകയും ചെയ്തു.

## <u>എന്താണ് അക്രമരഹിത സിവിൽ പ്രതിരോധ സമരങ്ങൾ ശക്തിസമാർജിക്കുന്നത്</u>

രാഷ്ട്രമീമാംസയിൽ നാം അംഗീകരിക്കുന്ന ഒരു തത്വമാണ് അധികാരം ആരും തരുന്നതല്ല എല്ലായ്പ്പോഴും അത് എടുക്കുന്നതാണ്. ഇതിന്റെ ഉപസംഹാരമാണ് അത്യാവശ്യമായും ഇതാണ് ചരിത്രത്തിലെ എല്ലാ അക്രമരഹിതസമരങ്ങളും വിജയത്തിലെത്തി ച്ചേർന്നതിന്റെ പ്രധാനകാരണം ആ സമരത്തിൽ അവർ സമാർജ്ജിച്ച ശക്തി അവരുടെ പ്രതിയോഗികളുടെ ശക്തിയേക്കാൾ കൂടിയതായിരുന്നു.

ഈ ഉപസംഹാരം ഒരു സംഘർഷത്തിലേക്കും തദ്വാര ഒരു പ്രത്യക്ഷമായ വഴിതുറക്കുന്നത് അധികാരം കരസ്ഥാമാക്കുന്നത് അതുപരമമായി ആരംഭിക്കുന്നത് വിഭവങ്ങളുടെ നിയന്ത്രണത്തിൽ നിന്നും അക്രമ പ്രവർത്തനത്തിനുള്ള കഴിവുള്ളതുകൊണ്ടുമാണെന്നാണ്. ഈ ധാരണ പരിപൂർണ്ണമായും ശരിയായാൽ എല്ലാ അക്രമരഹിത സമരങ്ങളും ഏറ്റവും സുസജ്ജമായ ആയുധങ്ങളും വിഭവങ്ങളുടെ നിയന്ത്രണവുമുള്ള പ്രതിയോഗികകളുടെ മുന്നിൽ സ്പഷ്ടമായും പരാജപ്പെടണം എന്താണ് ചരിത്രംതുറന്നു കാണിക്കുന്നത്., അനേകം വിജയകരമായ അക്രമരഹിത സമരങ്ങളുടെയും സമയരേഖകാണിക്കുന്നത് ഒരു നൂറ്റാണ്ട് പിന്നിലേക്ക് നോക്കിയാൽ മുഖ്യഎതിരാളികൾക്കെതിരായ സമരങ്ങളുടെ കാരണങ്ങളും മനുഷ്യവർഗ്ഗത്തെപ്പോലെ വൈവിദ്ധ്യപൂർണ്ണമാണ് അതിന്റെ ചില ഉദാഹരണങ്ങളാണ് ചുവടെ ചേർക്കുന്നത്.

* 1930 കളിലും 1940 കളിലും ഇന്ത്യക്കാർ നടത്തിയ വിപുലമായ നിസ്സഹകരണ പ്രസ്ഥാനത്തിലൂടെ (സാമ്പത്തികമായ ബഹിഷ്കരണം, സ്കൂളുകൾ ബഹിഷ്കരിക്കുക, പണിമുടക്ക്, നികുതി നിഷേധം, സിവിലാജ്ഞാലംഘനം, ജോലിരാജിവെയ്ക്കുക) ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്നതിനെ ഭീഷണിപ്പെടുത്തുകയും ഭരിക്കാൻ സാധിക്കാത്ത

അവസ്ഥസംജാതമാക്കുകയും അവസാനം ബ്രിട്ടീഷുകാർക്ക് വിശ്വാസമായി ഇന്ത്യ ഉപേക്ഷിച്ചുപോകണമെന്ന് അങ്ങനെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി.

* 1950 കളിലും 1960 കളിലും അമേരിക്കയിൽ നടന്ന സിവിൽ അവകാശങ്ങൾക്കുവേണ്ടി നടത്തിയ വിപുലമായ സംഘടിത നിസ്സഹകരണ സമരങ്ങൾ മെന്റ് ഗോമറിയിലെ ബസ്സ് ബഹിഷ്കരണം, നാഷ് വില്ലയിൽ ലഞ്ചുകൗണ്ടറുകളിൽ നടത്തിയ കുത്തിയിരിപ്പ് സമരം സുസ്ഥാപിതമായ വർണ്ണവിവേചനത്തിന്റെ ദൗർബല്യം പുറത്തുകൊണ്ടുവരാനും. ദേശീയ തലത്തിൽ പിന്തുണസമാർജ്ജിക്കാനും തുല്യ അവകാശം നേടിയെടുക്കാനും സാധിച്ചു.
* 1965 മുതൽ 1970 വരെ കാലിഫോർണിയിലെ മുന്തിരിത്തോട്ടങ്ങളിൽ യുണൈറ്റഡ് ഫാം വർക്കേഴ്സ് തുടങ്ങിയ പ്രാദേശികമായ സമരം പണിമുടക്കുകൾ ബഹിഷ്കരണം ദേശീയ ശ്രദ്ധപിടിച്ചുപറ്റാനും വിജയത്തിലെത്താനും സാധിച്ചു.
* 1986ഫിലിപ്പൈൻസിൽ പ്രക്ഷോഭകാരികൾ പട്ടാളത്തിലെ കൂറുമാറ്റക്കാരുമായിചേർന്നു നടത്തിയ അമേരിക്കൻ പിന്തുണയോടെ ഫെർഡിനാന്റെ മാർക്കോസിന്റെ ഏകാധിപത്യ സർക്കാരിനെതിരായ സമരം അദ്ദേഹത്തിനു കുറഞ്ഞുവന്ന പിന്തുണയുടെ വെളിച്ചത്തിൽ വേറേ മാർഗ്ഗമില്ലാതെ മാർക്കോസിനു പാലായനം ചെയ്യേണ്ടാതായിവന്നു.
* 1988 ൽ അഗസ്റ്റോ പിനാഷേ തുടർന്നു വന്ന മൃഗീയമായ സ്വേച്ഛാധിപത്യഭരണം ജനങ്ങളിൽ ഭയം ജനിപ്പിക്കുകയും അതിനെതിരായി ദശലക്ഷങ്ങൾ പങ്കെടുത്ത പ്രകടനം അക്രമരഹിതമായ സമരത്തിൽ ജനങ്ങൾക്ക് ഭയമില്ലാത്ത അവസ്ഥ വന്നു. ഈ സമരങ്ങളുടെ അനന്തരഫലമായി പിനാഷേയുടെ പിന്തുണകുറയുകയും അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്ന പട്ടാളത്തിലെ ഗൂഢസംഘം സമരത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ പിന്തുണ പിൻവലിക്കുകയും അദ്ദേഹത്തിനും അധികാര കൈമാറ്റം നടത്തേണ്ടതായും വന്നു.
* 1980 മുതൽ 1989 വരെ സോളിഡാരിറ്റി പ്രസ്ഥാനത്തിന്റെ ഭാഗമായി പോളണ്ടുകാർ സംഘടിപ്പിച്ച ഒരു സ്വതന്ത്ര തൊഴിലാളി പ്രസ്ഥാനം സോവിയാറ്റ് ഭരണത്തിൽ നിന്നും പോളണ്ടിതെ മോചിപ്പിച്ചു.
* 1989 ൽ ചെക്കോസ്ലോവാക്കിയയിൽ നടത്തിയ വെൽവറ്റുസമരം എന്നറിയപ്പെടുന്ന സമാധനപരമായ പണിമുടക്കുകളും പ്രകടനങ്ങളും കമ്മ്യൂണിസത്തിൽ നിന്നും ഒരു പരിവർത്തനമുണ്ടാക്കി. 1991 ൽ ഇതേതരത്തിൽ നടത്തിയ അക്രമരഹിത സമരങ്ങൾ കിഴക്കേ ജർമ്മനിയിലും ലാറ്റിവ, ലിത്വാനിയ എസ്തോണിയ എന്നീരാജ്യങ്ങളിലും സമാനമായ അധികാരകൈമാറ്റങ്ങളുണ്ടാക്കി.
* 1980 കളിൽ തെക്കേ ആഫ്രിക്കയിൽ ബാഹ്യശക്തികളുടെ അംഗീകാരത്തോടെ നടത്തിയ പണിമുടക്കുകൾ ബഹിഷ്കരണങ്ങൾ, അനുസരണയില്ലായ്മ എന്നീ സമരങ്ങൾ 1990 ന്റെ ആദ്യപാദങ്ങളിൽ വർണ്ണവിവേചനം അവസാനിപ്പിക്കേണ്ടതായിവന്നു.
* തുടർന്നുള്ള ദശകങ്ങളിൽ 2000 ൽ സെർബിയാക്കാരും 2003 ൽ ജോർജിയക്കാരും 2004 ഉക്രേനിയക്കാരും ജനങ്ങളെ സംഘടിപ്പിച്ചുമായി തെരഞ്ഞെടുപ്പുനടത്തി ഏകാധിപത്യ ഭരണം തുടരാനാള്ള ശ്രമങ്ങൾ അവസാനിപ്പിച്ചു.
* 2005 ൽ ലെബനനിൽ സിറിയൻ പട്ടാളം രാജ്യം കയ്യടക്കാൻ നടത്തിയ ശ്രമം വിപുലമായ അക്രമരഹിതമായ പ്രകടനങ്ങളുടെ ഫലമായി അവസാനിപ്പിച്ചു.
* 2006 ൽ നേപ്പാളികൾ നടത്തിയ വിപുലമായ സിവിൽ നിയമനിരോധനത്തിന്റെ അനന്തരഫലമായി സിവിൽഭരണം പുന:സ്ഥാപിക്കാൻ സാധിച്ചു.
* 2007 മുതൽ 2009 വരെ പാകിസ്ഥാനിൽ നടന്ന സായുധപടയൊരുക്കത്തിന്റെയും പട്ടാളഭരണാധികാരിയുടെ മദ്ധ്യത്തിൽ, വക്കീലന്മാർ, സിവിൽ സംഘടനകൾ സാധാരണ പൗരൻമാർ നടത്തിയ സമരത്തിന്റെ ഫലമായി ഒരു സ്വതന്ത്ര നിയമ വ്യവസ്ഥ പുനഃസ്ഥാപിക്കാനും അടിയന്തിരാവസ്ഥാ നിയമങ്ങൾ പിൻവലിക്കേണ്ടതായും വന്നു.

## ജനങ്ങൾ അനുസരിച്ചില്ലെങ്കിൽ ഭരണാധികാരികൾക്ക് ഭരിക്കാൻ സാധിക്കാതെ വരും

ഈ സമരങ്ങളും അതുപോലെ സമാനമായ സമരങ്ങളും വിജയിച്ചതിന്റെ പ്രധാനകാരണം അവ അടിസ്ഥാനപരമായി അധികാരത്തെ സംബന്ധിച്ച് ഒരു അന്തർ ദർശനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അതായത് മിക്കവാറും എല്ലാ സ്ഥാപനങ്ങളും സംഘടനകളും ആശ്രയിച്ചു പോരുന്നത് ഒരു വിപുലമായ സാധാരണ ജനങ്ങളുടെ തുടർന്നു വരുന്ന അംഗീകാരം, സഹകരണം, വിധേയത്വം എന്നിവയുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് ഒരു സംഘടിതവും തന്ത്രപരവുമായ രീതിയിൽ ജനങ്ങൾ അവരുടെ അംഗീകാരവും സഹകണവും പിൻവലിക്കാൻ ശ്രമിച്ചാൽ അവർക്ക് ബലാൽക്കാരമായി അധികാരം പിടിച്ചെടുക്കാൻ സാധിക്കും. ജനങ്ങൾ അനുസരിക്കാൻ വിസമ്മതിച്ചാൽ അവർ തിരഞ്ഞെടുത്ത പ്രസിഡന്റുമാർ, മേയർ, സീ ഈ ഒ ജനറൽ തുടങ്ങിയ അധികാരം കൈപ്പിടിയിൽ ഒതുക്കി വച്ചിരിക്കുന്നവർക്ക് അനിയന്ത്രിതമായ അധികാരത്തോടെ ഭരിക്കാൻ സാധിക്കാതെ വരും.

അക്രമരഹിത സമരതന്ത്രങ്ങൾ, പണിമുടക്ക് ബഹിഷ്കരണം വലിയ പ്രകടനങ്ങൾ സിവിൽ ആജ്ഞാലംഘനം സമാന്തര സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുക ആലങ്കാരികമായി സൃഷ്ടിപരമായ പ്രവർത്തനങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളാണ് അവലംബിച്ചുപോരുന്നത്. അവ ഉപയോഗിച്ചുപോരുന്നത് ധാർമ്മികതയുടെ അടിസ്ഥാനത്തിലാണ്. സിവിൽ പ്രതിരോധ സമരമാർഗ്ഗം സ്വീകരിച്ചിട്ടുള്ള പലർക്കും കാണാൻ സാധിക്കുന്ന അവരുടെ രാജ്യത്തിന്റെ ചരിത്രത്തിലും മറ്റു ഇതരരാജ്യങ്ങളിലും ഇതേ സമരതന്ത്രം പ്രയോഗിച്ചതായും ഇതാണ് ഏറ്റവും നല്ല രീതിഎന്നും മനസ്സിലാക്കും.

## നൈപുണ്യവും നിബന്ധനകളും

ഇത്തരത്തിൽ പ്രചോദനമാർജിക്കാൻ സാധിക്കുന്ന വിജയങ്ങളിൽ എത്തി ചേർന്ന് സമരങ്ങളും അതുപോലെ സമകാലീന ചരിത്രത്തിൽ പരാജയപ്പെട്ടതോ അവസാനിപ്പിക്കാൻ സാധിക്കാത്തതോ ആയ സമരങ്ങളും കാണാം. പോളണ്ടിലും ചെക്കോസ്ളാവാക്കിയയിലും സമരങ്ങൾ വിജയിച്ച അതേ വർഷം ടിയാനൻമെൻ സ്വകയറിലെ കൂട്ടക്കൊലയും നാം കണ്ടതാണ്. കഴിഞ്ഞ ഭാഗത്തിൽ ഇതേ തരത്തിലുള്ള അക്രമരഹിത സമരങ്ങൾ ഇതേതന്ത്രങ്ങൾ തന്നെ പ്രയോഗിച്ച് ബർമ്മ, സിംബാവേ, ഈജിപ്ത്, ഇറാൻ എന്നീ രാജ്യങ്ങളിൽ തുടർന്നു വരുന്ന സമരങ്ങൾ ഇതുവരെയും ലക്ഷ്യസ്ഥാനത്തെത്താൻ സാധിച്ചിട്ടില്ല. സ്വയം നിർണ്ണയാവകാശത്തിനുവേണ്ടി അക്രമരഹിതസമരം കിഴക്കൻ തിമുറിൽ ആവശ്യമായിരുന്നു. പക്ഷേ മറ്റു ചിലേടങ്ങളിൽ അധികാരം കൈവശപ്പെടുത്തുന്നവർക്കെതിരായ സമരങ്ങൾ അക്രരഹിത മാർഗ്ഗങ്ങളിൽ കൂടിയായിരുന്നെങ്കിൽ കൂടി- പാലസ്തീൻ, പടിഞ്ഞാറൻ പാപ്പുവാ പടിഞ്ഞാറേസഹാറാ ടിബറ്റു എന്നീ രാജ്യങ്ങളിൽ ഇപ്പോഴും പരിഹരിക്കപ്പെടാതെ നിലനിൽക്കുകയാണ്.

**ഈ സമരങ്ങളിലും മറ്റു പലസമരങ്ങളിലും എന്തുപൊരുത്തക്കേടുകളാണ് കാരണമാകുന്നത്.**

ഈ സമരങ്ങളും മറ്റനവധിസമരങ്ങളും പരാജയത്തിലേക്കോ വിജയത്തിലേക്കോ നയിച്ചതിന്റെഘടകങ്ങൾ ആ വിഷയം നല്ല അറിവുള്ളവരും യുക്തിസഹജമായി ചിന്തിക്കുന്നവരും സമ്മതിക്കുന്നതായിരിക്കില്ല. ഓരോ സാഹചര്യവും ഉയർന്ന നിലവാരത്തിൽ സങ്കീർണ്ണവും പ്രത്യക്ഷമായി അതിന്റെ അത്യാഹിതത്തിൽ എത്തിച്ചേരുന്നതും വളരെ നല്ലതാണ് പണ്ഡിതന്മാരും, പത്രപ്രവർത്തകരും മറ്റുപലരും വയ്ക്കുന്ന വാദഗതികൾ ഈ സമരങ്ങളുടെ അനന്തരഫലങ്ങളും സഞ്ചാരമാർഗ്ഗങ്ങളും ഒരു അക്രമരഹിതസമരത്തിൽ നിശ്ചയിക്കപ്പെടുന്നത് ആ സമരങ്ങളുടെ ഘടന, ആസമരങ്ങളുടെ അവസ്ഥ ഓരോസമരങ്ങളും പ്രവർത്തിയിൽ കൊണ്ടുവന്ന പ്രത്യേകസാഹചര്യങ്ങളെയും അടിസ്ഥാനപ്പെടുത്തിയായിരിക്കും.

ഉദാഹരണമായി ഒരു വാദഗതിയിൽ അക്രമരഹിതസമരങ്ങൾ ശക്തിയാർജ്ജിക്കുന്ന സമൂഹത്തിലെ ഭരണധാകാരികൾ മാരകമായ ശക്തിപ്രയോഗിക്കാൻ വിസ്സമതിക്കുന്നതുകൊണ്ടാണ്. മറ്റുള്ള വരുടെ വാദമുഖം പ്രത്യേക ചില സാമ്പത്തിക

മാനദണ്ഡങ്ങൾ (സാമ്പത്തിക തത്വസംഹിത, വരുമാന നിലവാരം, സമ്പത്തിന്റെ വിതരണം, മദ്ധ്യവർഗ്ഗത്തിന്റെ സാന്നിദ്ധ്യം) ഒരു സമരത്തിന്റെ വിജയത്തെ നിശ്ചയിക്കുന്നതിൽ നിർണ്ണായകമാണ്. എന്നിട്ടും മറ്റുചിലരുടെ വാദം ഒരു സമരത്തിന്റെ അനന്തര ഫലങ്ങളെ നിയന്ത്രിക്കുന്ന ചലനാത്മകമായ കാരണങ്ങളേക്കാൾ പ്രാധാന്യമർഹിക്കുന്നത്, സൂപ്പർ ശക്തികളുടെ സ്വാധീനവും പ്രാദേശിക നായകൻമാരുടെ പങ്കുമാണ്. ഇതിനധികമായി ഒരാൾക്ക് ഉദ്ധരിക്കാൻ സാധിക്കുന്ന ഉദാഹരണങ്ങൾ വർഗ്ഗങ്ങളുടെ വൈവിധ്യം രാഷ്ട്രീയവും സാംസ്കാരികവുമായ ചരിത്രം ജനസംഖ്യയുടെ രൂപം ഭൂമിയുടെ പ്രത്യേകത അങ്ങനെ പലതും യഥാർത്ഥത്തിൽ മുകളിൽ പറഞ്ഞ പലപ്രത്യേകതകളും തീർച്ചയായും ഒരു സമരത്തിന്റെ ഗതിയെ സ്വാധീനിക്കും.

ഘടനാപരവും നിബന്ധനാപരവുമായ ഘടകങ്ങളുടെ പ്രതിരൂപമായ വേറൊരു ഘടകം സമരം ആവിഷ്കരിക്കുന്നതിലും തുടർന്നുകൊണ്ടുപോകുന്നതിലും കാണിക്കുന്ന നിപുണതയാണ്. ഇതിനെ പണ്ഡിതന്മാർ ഏജൻസികൾ എന്നു പരമാർശിക്കുന്ന ചലനാത്മകശക്തികളാൽ ഒരു സമരത്തിനു പരിപൂർണ്ണമായ നിയന്ത്രണമുണ്ട് ഒരു സിവിൽ സമരത്തിൽ എടുക്കേണ്ട അനേകം തീരുമാനങ്ങളിൽ ചിലതന്ത്രപ്രധാനകാര്യങ്ങൾ തെരഞ്ഞെടുക്കേണ്ടത് ആളുകളെ സംഘടിപ്പിക്കാനുപയോഗിക്കുന്ന ഭാഷ അവരെ എങ്ങനെ ഒന്നിച്ചു നിറുത്താം ആരൊക്കെയായി സഖ്യമുണ്ടാക്കാം പ്രതിയോഗിയെ എവിടെ എങ്ങനെ ലക്ഷ്യം വയ്ക്കണം എന്നിവ വളരെ പ്രധാനമാണ്.

അക്രമരഹിത സമരങ്ങളുമായി ബന്ധപ്പെടുന്നവരും അതിനെ അപഗ്രഥിക്കുന്നവരും ഒന്നുകിൽ അപ്രധാന്യം എന്നു വിലയിരുത്തുന്നതോ ശ്രദ്ധിക്കാതെ പോകുന്നതോ ആയ ഘടകങ്ങളാണ്. നിപുണതയെ അടിസഥാനമാക്കിയുള്ളവ എന്ന് എന്റെ വീക്ഷണം. എന്തുകൊണ്ട് ഇത് ഈ ലേഖനത്തിന്റെ ഉദ്ദേശ്യത്തിലുള്ളതല്ല. ഒരു കാരണം ആളുകൾ സംശയിക്കുന്നു അഥവാ അറിയുന്നില്ല ഏതു പീഠികയിലാണ് ഒരു അക്രമരഹിതസമരം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതെന്ന് സംഘടിതമായ പെരുമാറ്റങ്ങളിലൂടെ അധികാരം എവിടെയാണോ കുന്നുകൂടിയിരിക്കുന്നത് അതായത് പ്രതിയോഗികളിൽ നിന്നും ആളുകളുടെ സമരങ്ങളിലേക്ക് മാറ്റപ്പെടണം. അതിനുപകരം അവർ ധരിക്കുന്നത് ചിലപ്രത്യേകം ബാഹ്യമായ ചഞ്ചലഘടകങ്ങൾ അസാധാരണമായ സാഹചര്യങ്ങൾ സംഭവിച്ചതുകൊണ്ടാണ് ഇതുസംഭവിച്ചതെന്ന്.

എന്തായാലും നമുക്ക് ഘടകങ്ങളുടെയും അവസ്ഥകളുടെയും ഒരു സമരത്തെ സ്വാധീനിക്കുന്നു എന്നു ആദരിക്കാം. ഏജൻസികളെയും നൈപുണ്യത്തെയും താഴ്ത്തിക്കാണിക്കാതെ സമരത്തിന്റെ അനന്തരഫലങ്ങളെ വിലയിരുത്താം. യഥാർത്ഥത്തിൽ ഏജൻസികളും നിപുണതയും പ്രതികൂലസാഹചര്യങ്ങളെ വലയം ചെയ്യാനും പ്രതീകൂലസാഹചര്യങ്ങളെ അനുകൂലമാക്കാനും ചില സന്ദർഭങ്ങളിൽ വ്യത്യാസപ്പെടുത്താനും ഏജൻസികൾക്കും നൈപണ്യത്തിനും സാധിച്ചിട്ടുണ്ട്.

പട്ടാളത്തെ കുറിച്ചുള്ള ചിന്തകൾ ബിസിനസ്സ് തുടങ്ങിയ മറ്റു വിജ്ഞാനശാഖകളിലും ഏജൻസിയും നിപുണതയും ഒരു സാധാരണ അറിവായിപരിഗണിക്കുമ്പോൾ അതിന്റെ പ്രാധാന്യവും പ്രാഥമികതയും വ്യക്തമാകുന്നു. അപ്പോൾ പിന്നെ എന്തുകൊണ്ട് അക്രമരഹിത സമരങ്ങളിൽ ഇവയ്ക്കു പ്രാധാന്യം കൊടുത്തുകൂടാ. ഒരു മിലിറ്ററിജനറലോടോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോടോ നിങ്ങൾ പറയുകയാണ് തന്ത്രങ്ങൾക്ക് പ്രാന്തീയമായ പ്രാധാന്യമേയുള്ളു എന്നു പറഞ്ഞാൽ അദ്ദേഹം ചിരിക്കും. സൺസു എഴുതിയ മഹത്തായ ഗ്രന്ഥം The Art of War യുദ്ധത്തിന്റെ കല എന്ന ഗ്രന്ഥത്തിനും ഇത്രത്തോളം പ്രാധാന്യമുണ്ടായത് ആളുകൾ ഇപ്രകാരം ചിന്തിച്ചിരിക്കാം അതായത് ഒരു സംഘർഷം ഒരു സമരം അതിന്റെ പ്രതിപ്രവർത്തനങ്ങളെല്ലാം ഇപ്പോഴും ഭൗതീകസമ്പത്തുകൾ നേരത്തേ ഉറപ്പിച്ചതാണെന്ന് പറയുന്നിനാലാണ്.

ഈ ലേഖനത്തിന്റെ ആമുഖത്തിൽ പറഞ്ഞ ചോദ്യത്തിലേക്ക് തിരികെ വന്നാൽ എന്താണ് അക്രമ രഹിത സമരങ്ങളെ വളരെ ശക്തിമത്താക്കുന്നതെന്നു ചിന്തിക്കാം. ചരിത്രത്തിലെ മുഹൂർത്തങ്ങളിൽ നിന്നും തെരഞ്ഞുകണ്ടുപിടിച്ച നയതന്ത്ര തീരുമാനങ്ങളെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളെയും നോക്കി ഉത്തരം കണ്ടുപിടിക്കാൻ ശ്രമിക്കാം. അനേകം ഏജൻസികളെ അടിസ്ഥാനപ്പെടുത്തിയ ഘടകങ്ങളും നിപുണതയും ഒരു സമരത്തന്റെ അനന്തരഫലങ്ങളെ സ്വാധീനിക്കും. (വളരെ ലഘുവായി പറഞ്ഞാൽ) നമ്മൾ ചില അത്യാവശ്യഘടകങ്ങളുടെ സാരാംശമെടുത്താൽ അതിൽ നിന്നും വിജയത്തിലെത്തിച്ചേർന്ന്

സമരങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന മൂന്നുഘടകങ്ങൾ ഉയർന്നുവരും.അവയാണ് ഏകത്വം ആസൂത്രണം അക്രമരഹിത അച്ചടക്കം എന്നിവ.

**ഏകത്വം ആസൂത്രണം അച്ചടക്കം**

പ്രഥമവീക്ഷണത്തിൽ തന്നെ ഈ ധർമ്മങ്ങളുടെ പ്രാധാന്യം സ്വയം വെളിവാകുന്നതാണ്. ഒരു സമരത്തിന്റെ പരമപ്രധാനമായ തന്ത്രപരവും സൂക്ഷമവുമായ തലത്തിൽ അതിനെ ഒരാൾ വീക്ഷിക്കുമ്പോൾ അതിന്റെ പടർന്നു പന്തലിച്ചതും ഈ ധർമ്മങ്ങളുടെ പ്രാധാന്യം പലപ്പോഴും കാണാതെ പോകുന്നു. ഓരോ ഗുണവും വിപുലീകരണം അർഹിക്കുന്നു.

**ഏകത്വം**

ഏകത്വം വളരെ പ്രാധാന്യം ഒരു അക്രമരഹിത സമരത്തിൽ അർഹിക്കുന്നത് ആ സമരത്തിന്റെ ശക്തിസമാർജ്ജിക്കുന്നത് സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള ആളുകളുടെ പങ്കാളിത്തം മുഖേനയാണ് നേടുന്നത് ലഘുവായിപ്പറഞ്ഞാൽ എണ്ണത്തിനാണ് കൂടുതൽ പ്രാധാന്യം. ഏറ്റവും കൂടുതൽ ഒരു സമരത്തിൽ ആളുകളുടെ പങ്കാളിത്തമുണ്ടോ, അത്രത്തോളം അതിന്റെ നിയമസാധ്യതയും ശക്തിയും തന്ത്രങ്ങളുടെ ആകെത്തുകയും വർദ്ധിക്കും. വിജയകരമായ എല്ലാ സമരങ്ങളും അതുകൊണ്ടു നിരന്തരമായി അവരുടെ സമൂഹത്തിലെ കൂടുതൽ ആളുകളുമായും ബന്ധപ്പെടും. സ്ത്രീകൾ പുരുഷൻമാർ യുവാക്കൾ പ്രായപൂർത്തിയായവർ പ്രായാധിക്യമുള്ളവർ ഗ്രാമീണജനങ്ങൾ പട്ടണവാസികൾ ന്യൂനപക്ഷങ്ങൾ മതസംഘടനകളുടെ അംഗങ്ങൾ, മദ്ധ്യവർത്തികൾ, താഴത്ത് സാമ്പത്തികവർഗ്ഗത്തിൽ പെട്ടവർ, പോലീസുകാർ, പട്ടാളക്കാർ, നിയമവൃത്തത്തിലെ ആളുകൾ, കൂടാതെ മറ്റു സമൂഹത്തിൽ മറ്റാളുകൾ എന്നിവരുമായാണ് നിരന്തരം ബന്ധപ്പെടുന്നത്.

വിജയകരമായിത്തീരുന്ന സമരങ്ങൾ കൈനീട്ടുന്നത് എതിർ കക്ഷിയിൽപ്പെട്ട പ്രതിയോഗികളെ പിന്തുണയ്ക്കുന്നവരുടെ സഹായം നേടാനാണ് ഒരു അക്രമരഹിത സമരം തുടർന്ന് കൊണ്ടുപോകണമെങ്കിൽ ഒരു ഏകീകരണ ദർശനം ഉണ്ടായിരിക്കണം. അതായത് പിന്തുണയുടെ കൂറുമാറ്റം എതിർകക്ഷിയുടെ പലരെങ്കിലും ഉൾപ്പെട്ടയാളുകളിൽ നിന്നുമാണ്. ഉദാഹരണമായി തെക്കേആഫ്രിക്കയിൽ നടന്ന വർഗ്ഗവിവേചനത്തിനെതിരായി നടന്നു കൊണ്ടിരിക്കുന്ന സമരം സിവിൽമേഖല അലങ്കോലപ്പെടുത്തിക്കൊണ്ടും ദേശീയ അനുരഞ്ജനം സൃഷ്ടിച്ചു വിപുലമായ പിന്തുണ സമാർജിച്ചും ഒരു പരിവർത്തനത്തിനുവേണ്ടിയുള്ള ഐക്യം ഊട്ടിയുറപ്പിച്ചും അതിൽ നേരത്തേ വെള്ളക്കാരുടെ അനുഭാവികൾ അതായത് വർണ്ണവിവേചന രാഷ്ട്രത്തിനെ ആഗ്രഹിച്ച ആളുകളുടെ സഹകരണത്തോടുമാണ്. ഒരു അക്രമരഹിത സമരത്തിൽ പങ്കെടുക്കുന്നവർ അവരുടെ സമരത്തിന്റെ ശക്തിയെ സംബന്ധിച്ചു പലപ്പോഴും സങ്കീർണ്ണമായ തീരുമാനം എടുക്കേണ്ടതായും വരും തന്ത്ര പ്രധാനമായ ആസൂത്രണം ഇങ്ങനെ ചെയ്യുന്നതിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. ഒരു സമരത്തിന്റെ മേന്മയെന്നു അവഗണിച്ചുകൊണ്ടല്ലെങ്കിൽ കൂടി ധാർമ്മികമായി ചെറുത്തുനിൽക്കാൻ സാധിക്കാത്ത അക്രമം എതിർകക്ഷിയിൽ നിന്നും ഉണ്ടായാൽകൂടി അടിച്ചമർത്തലിനെ അതിജീവിക്കുന്നത് നിസ്യതവും നവീകരിച്ചതുമായ പ്രതിരോധത്തിന്റെ മാർഗ്ഗത്തിലൂടെയാകണം അങ്ങനെയുള്ള പ്രവർത്തനം നല്ല രീതിയിൽ തന്നെ നടപ്പിലാക്കണം. സമരങ്ങൾക്ക് കാലദൈർഘ്യം അനുഭവപ്പെന്നത് എപ്പോഴാണോ പ്രതിരോധം ക്രമാനുഗതമായും നല്ല രീതിയിൽ സംഘടിപ്പിക്കപ്പെട്ടതും അത് അതിന്റെ ലക്ഷ്യത്തിലേക്ക് കേന്ദ്രീകരിച്ചുകൊണ്ടാണ് ആളുകൾ സ്വീകരിക്കുന്നത്. എന്തുതന്ത്രമാണ് തീരുമാനിക്കേണ്ടത് അവ എങ്ങനെ ക്രമാനുഗതമായി പ്രവർത്തിയിൽ കൊണ്ടുവരണം. ഒരു പരിവർത്തനത്തെ ലക്ഷ്യപ്പെടുത്തി ആളുകളുടെ ആഭിപ്രായമനുസരിച്ചും പരാതികൾക്കു പരിഹാരം കണ്ടു മുന്നോട്ടുപോകണം എന്നും തീരുമാനിക്കണം. ആ സമരം ഏതു ജനങ്ങളെയാണോ പ്രതിനിധീകരിക്കുന്നത് ഏത് സമൂഹത്തെയാണോ ഉദ്ദേശിക്കുന്നത് അവരുമായി സംവദിച്ചു തന്ത്രങ്ങൾ പിന്തുടർന്ന് ഹ്രസ്വകാല മദ്ധ്യകാല ദീർഘകാല ലക്ഷ്യങ്ങളെ പിന്തുടരണം വാർത്താവിനിമയ ശൃംഖല രൂപപ്പെടുത്തി അതുകൊണ്ടു സഖ്യങ്ങളും മദ്ധ്യസ്ഥ ചർച്ചകൾക്കും സാഹചര്യം ഒരുക്കി ആ പ്രശ്നത്തെ അക്രമരഹിതസമരവുമായി ബന്ധപ്പെടുത്തി തന്ത്രങ്ങൾ സ്വീകരിക്കണം. അങ്ങനെ ചെയ്യാൻ ഒരു സമൂലമായ സാഹചര്യങ്ങളുടെ അപഗ്രഥനം നടത്തണം എവിടെയാണോ അക്രമ രഹിത സമരം നടത്തേണ്ടത് ആസൂത്രണത്തിന്റെ ഭാഗമായി ഔപചാരികമായും സമരത്തെ ശക്തിപ്പെടുത്താൻ അറിവുകൾ ശേഖരിക്കണം. അത് താഴേക്കിടയിലുള്ള ആളുകളുടെ

പ്രതിയോഗികളുടെയും നിഷ്പക്ഷമതികളുടെയും വീക്ഷണത്തെ മനസ്സിലാക്കിയും സംഘർഷത്തിന്റെ മുന്നോട്ടുള്ളഗതി മനസ്സിലാക്കാം.

അവസാനമായി ഒരുതന്ത്രം ശക്തിയാർജ്ജിക്കുന്നത് ഒരു അച്ചടക്കമുള്ള രീതയിൽ അതുപ്രാവർത്തികമാകുമ്പോഴാണ്. ഒരു നല്ല അച്ചടക്കമുള്ള അക്രമരഹിതസമരത്തിന്റെയും ഏറ്റവും വലിയ അപകടം ചില സമയം ആ സമരത്തിൽ പങ്കെടുത്തവരിൽ ചിലരെങ്കിലും അക്രമ പ്രവർത്തനത്തിനു ശ്രമിക്കുമ്പോഴാണ്. അതുകൊണ്ട് അക്രമരഹിത അച്ചടക്കം എന്നുദ്ദേശിക്കുന്നത് പ്രകോപനങ്ങൾ ഉണ്ടായാലും അക്രരഹിതമായിത്തന്നെ മുന്നോട്ടുകൊണ്ടുപോകുമ്പോഴാണ്. ഈ അച്ചടക്കം എപ്പോഴും സമരഭടന്മാരിൽ ഓർമ്മപ്പെടുത്താൻ നിരന്തരം ശ്രമിക്കണം. ഇതിനു പ്രായോഗികമായ ചിലകാരണങ്ങൾകൂടിയുണ്ട്. സമരക്കാരിൽ നിന്നും ഏതെങ്കിലും അക്രമപ്രവർത്തനം ഉണ്ടായാൽ നാടകീയമായി ആ സമരത്തിന്റെ നിയമസാധ്യത കുറയ്ക്കുകയും പ്രതിയോഗിക്ക് അടിച്ചമർത്തൽ നടത്താനുള്ള ഒരുക്ഷമാപണം കൂടിയാണ് അതിനുപരി ഒരു സമരം നിരന്തരമായി അക്രമരഹിതമായി തുടർന്നാൽ അതു ഒരു വിപുല ശ്യംഖലയിൽപ്പെട്ട ശക്തിശാലികളായ സഖ്യകക്ഷികളെ സമരത്തിന്റെ ഗതിയിൽ തന്നെ ആകർഷിക്കാനും സാധിക്കും അവരിൽ ചിലർ എതിർ കക്ഷികളെ പിന്തുണയ്ക്കുന്നവരായിരിക്കും.

ഈ ധർമ്മങ്ങളെ കുറിച്ചുള്ള ഒരു നീണ്ട അന്വേഷണം നടത്തിയാൽ അതു വിവരിക്കാൻ പുസ്തകങ്ങൾ തന്നെ വേണം അതേസമയം അക്രമരഹിത പ്രതിരോധം എന്നവിഷയം ക്രമാനുഗതമായ പഠനത്തിനു വിധേയമാക്കാവുന്നതുമാണ്. ഓരോ സമരത്തിൽ നിന്നും ഉയർന്നുവരുന്ന ഈ പ്രതിഭാസത്തിന്റെ കൂട്ടായ അറിവ് വീണ്ടും അറിവും കൂടുതൽ രേഖപ്പെടുത്തേണ്ടതും വികസിപ്പിക്കേണ്ടതുമാണ്..

ഈ മൂന്ന് ധർമ്മങ്ങൾ ഏകത്വം ആസൂത്രണം അച്ചടക്കം എന്നിവ സമയാതീതവും ആ സമരത്തിൽ പങ്കെടുക്കുന്ന വർക്കും അതിനെ പിന്തുണയ്ക്കുന്നവർക്കും ഒരുപൊതുവായചട്ടക്കൂട് കാണാൻ സാധിക്കും അതുപോലെ അവർക്കും അതിനെ റിപ്പോർട്ട് ചെയ്യുന്നവർക്കും അതിനെക്കുറിച്ചു പഠിക്കുന്നവർക്കും ഈ സമരത്തിന്റെ അവസ്ഥയെക്കുറിച്ച് വിലയിരുത്താൻ സാധിക്കും. ഈ സമരം ഏകീകൃതമാണോ? ഇതിന്റെ തത്വസംഹിതയെ പ്രതിനിധാനംചെയ്യുന്നവരും അവരുടെ പ്രവർത്തനങ്ങളുടെ ഒരു സമാധാനം നിറഞ്ഞതും നീതിയുക്തവുമായ ഒരു ലോകത്തിലേക്കുവെളിച്ചം വീശും. അങ്ങനെ ചെയ്യാൻ ഇറങ്ങിത്തിരിച്ചവർ ഒരു പുതിയ ഭാവിക്ക് രൂപം കൊടുക്കും.

ഈ ലേഖനത്തിന്റെ ലക്ഷ്യത്തിനുവേണ്ടി ഞാൻ വിജയപ്രദമായ സമരത്തെ അതിന്റെ ലക്ഷ്യത്തിലെത്തിച്ചേർന്നുവെന്നും പരാജയപ്പെട്ടവയെ ലക്ഷ്യത്തിലെത്തിച്ചേരാത്തവയെന്നും നിർവചിക്കാം. ഈ നിർവചനത്തിൽ ഒരു പ്രാപഞ്ചികമായ ഘടകം കൂടിയുണ്ട്. ഒരു വിജയത്തിലെത്തിച്ചേർന്ന (ഉദാഹരണമായി 2004 ലെ ഉക്രയിനിൽ നടന്ന ഓറഞ്ചുസമരം) സമരത്തിനുശേഷമുള്ള വർഷങ്ങളിൽ വെല്ലുവിളി ഉണ്ടാവുകയും അതിന്റെ, നേട്ടങ്ങളുടെ പ്രതിശ്ചായ മങ്ങുകയും ഉണ്ടായി. (കൂടുതൽ വിവരങ്ങൾക്ക് ഉക്രനിയൻ കേസ് നവംബർ 17 2010 ൽ പ്രസിദ്ധീകരച്ച ഓപ്പൺ ഡെമോക്രസിയെക്കുറിച്ച് ഒലേനാട്രിഗബും ഒക്സാനാ ഷുല്യാർ എഴുതിയ ലേഖനം വായിക്കുക 'The Struggle after people power wins' ജന ങ്ങൾ അധികാരം നേടിയതിനു ശേഷമുള്ള സമരങ്ങൾ.

ഇതിനു നേർവിപരീതമായി ഒരു സമരം അതിന്റെ ലക്ഷ്യങ്ങൾ നേടാൻ പരാജയപ്പെട്ടത് (1989 ൽ ചൈനയിപ്രീഡെമോക്രസി സമരം) പാർശ്വ ഫലങ്ങൾ വരുകാലങ്ങളിൽ സൃഷ്ടിക്കും അത് സൃഷ്ടിപരമായി ആ സമരത്തിന്റെ കാരണങ്ങളെ വർദ്ധിപ്പിക്കും (ചൈനീസ് സമരത്തെ സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ അറിയുവാൻ ഈ ലേഖനം വായിക്കുക ലെസ്റ്റർ കർട്ട്സ് ഓപ്പൺ ഡെമോക്രസിയെക്കുറിച്ചെഴുതി "Repression's Paradox in China" നവംബർ 17 2010) അത്യാവശ്യമായും സമരങ്ങളെ വിജയിച്ചവയെന്നും പരാജയപ്പെട്ടവയെന്നും വർഗ്ഗീകരണം ഒരു പ്രത്യേകസമരത്തെ നടത്തേണ്ടതില്ല എന്നാൽ അവയുടെ അനന്തരപ്രഭാവം ശക്തിമത്തും അതുകൊണ്ടു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുമാണ്.